II അടിയന്തിരപ്രമേയം

പേപ്പാറ ഡാമിന്റെ പണി സ്തംഭനാവസ്ഥയിലായതിനെ സംബന്ധിച്ച്

9.30 a.m.] മി. സ്പീക്കർ: തലസ്ഥാന നഗരിയിലും സമീപ പ്രദേശങ്ങളിലും ജലവിതരണം നടത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പേപ്പാറ ഡാമിന്റെ പണി സ്തംഭനാവസ്ഥയിൽ ആയതിനെത്തുടർന്നുളവായ ഗുരുതരാവസ്ഥയെക്കുറിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. അനിരുദ്ധൻ നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, പേപ്പാറ ഡാമിന്റെ കരാറുകാരായ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെ കീഴ്കരാറുകാരായ തൊഴിലാളികൾ ബോണസ് ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നൽകുകയുണ്ടായി. കീഴ്കരാറുകാരായ തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ നിയമപ്രകാരം തങ്ങൾ ബാധ്യസ്ഥരല്ല എന്നും കേരളത്തിൽ ഈ പദ്ധതിക്ക് ബോണസ് കൊടുക്കുകയാണെങ്കിൽ ഇൻഡ്യയിലെ മറ്റു എല്ലാ പദ്ധതികൾക്കും ബോണസ് കൊടുക്കേണ്ടി വരുമെന്നുള്ളതുകൊണ്ട് ഈ ബോണസ് എന്ന ഡിമാൻറ് തങ്ങൾക്ക് സ്വീകാര്യമല്ല എന്നും ഉള്ള നിലപാടാണ് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി എടുത്തിട്ടുള്ളത്. ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ നടന്ന ചില ജോലികൾക്കു ഇപ്രകാരം ബോണസ് കൊടുത്തിട്ടുണ്ട് എന്നും അതുകൊണ്ട് ഒന്നുകിൽ ഗവൺമെൻറ്, അല്ലെങ്കിൽ കമ്പനി ബോണസ് നൽകണമെന്ന് തൊഴിലാളികളും ശഠിക്കുന്നു. ഗവൺമെൻറു ബോണസ് കൊടുക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഇങ്ങനെ ഒരു സ്ഥലത്ത് ബോണസ് കൊടുക്കുകയാണെങ്കിൽ ഗവൺമെൻറ് അവരുടെ കീഴിൽ ഉള്ള കരാറുകാരായ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബോണസ് കൊടുക്കേണ്ടതായി വരും. അതുകൊണ്ട് ഗവൺമെൻറ് ബോണസ് കൊടുക്കുന്ന പ്രശ്നം അചിന്ത്യമാണ്. വകുപ്പുമന്ത്രിയായ നഹസാഹിബ്ബും ഇപ്പോൾ ഇതിന്റെ ചാർജ്ജു വഹിക്കുന്ന ഞാനും രണ്ടുതവണ ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. ആ ചർച്ചകളിൽ ബഹു: ധനകാര്യമന്ത്രിയും ബഹു: തൊഴിൽകാര്യമന്ത്രിയും സംബന്ധിക്കുകയും ഒത്തുതീർപ്പിലെത്താൻ വേണ്ടി പരമാവധി പരിശ്രമിക്കുകയും ചെയ്തു. ഈ പദ്ധതി വളരെ വേഗം നടപ്പാക്കാനുള്ള ഗവൺമെൻറിന്റെ ആഗ്രഹംകൊണ്ട് അവിടെ ഒരു ഡീസൽ ജനറേറർ ഫിറ്റു ചെയ്തു. ഗവൺമെൻറു വളരെയധികം പണം ചെലവു ചെയ്തു ഈ പദ്ധതി പൂർത്തിയാക്കാൻ ശ്രമിച്ചുവരികയാണ്. ഇക്കൊല്ലം തിരുവനന്തപുരം പട്ടണത്തിൽ വെള്ളം കൊടുക്കാൻ സാധ്യമല്ലെങ്കിൽ വരുന്നകൊല്ലം ആദ്യമെങ്കിലും കഴിയുമെന്നായിരുന്നു ഗവൺമെൻറിന്റെ വിശ്വാസം. അതിന് ഈ പണിമുടക്ക് തടസ്സമായി നിൽക്കുകയാണ്. ഈ പണിമുടക്കു പ്രശ്നം ആർബിട്രേഷന് വിടാനുള്ള തൊഴിൽകാര്യമന്ത്രിയുടെ അഭ്യർത്ഥന കമ്പനിക്കാർക്കു സ്വീകാര്യമായില്ല. ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടിട്ട് രണ്ടു ദിവസംമാത്രമേ ആയിട്ടുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടില്ല ഗവൺമെൻറ് ഇതു നടപ്പാക്കാനുള്ള യഥാർത്ഥ പരിശ്രമങ്ങൾ നടത്തിക്കൊ

LIBRARY ARCHIVES KeralaLegislative Assembly

ണ്ടിരിക്കുകയാണ്. തൊഴിൽ പ്രശ്നങ്ങളും പരാജയപ്പെട്ടതിനെത്തുടർന്ന് എന്തുവേണമെന്ന് ഗവൺമെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. കെ. അനിരുദ്ധൻ: സർ, പേപ്പാറ ഡാമിൻെറ പണി രണ്ടു മൂന്നു ആഴ്ചകളായി നിറുത്തിവച്ചിരിക്കുന്നു. രണ്ടുമൂന്നു ദിവസങ്ങളായി പത്രത്തിൽ തുടർച്ചയായി അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും വന്നുകൊണ്ടിരിക്കുന്നു. ഇതു പ്രത്യേകിച്ചും തിരുവനന്തപുരം സിറ്റിയേയും ചുറ്റുപാടും ഉള്ള പ്രദേശങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. കടുത്ത വരൾച്ചമൂലം ജലദൗർലഭ്യം ഉണ്ടായിരിക്കുന്നു. പേപ്പാറ ഡാമിൻെറ പണി പൂർത്തിയാകുന്നതോടുകൂടി തിരുവനന്തപുരം സിറ്റിയിൽ ആകെമൊത്തം കൊടുക്കാവുന്നതിൻെറ പത്തിരട്ടിയോളം വെള്ളമാണ് ലഭിക്കാൻ ഇടയുള്ളത്. 70 മില്യൻ ക്യൂബിക് മീറ്റർ വെള്ളം ലഭിക്കുമെന്നാണ് വിദഗ്ദ്ധൻമാർ പറയുന്നത്. 1979 ഡിസംബറിൽ പണി പൂർത്തിയാകേണ്ടതാണ്. അതിനുവേണ്ടി കൺസ്ട്രക്ഷൻ കമ്പനിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹെൽത്ത് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് ചില വ്യവസ്ഥകളും ഉണ്ടാക്കിയിട്ടുണ്ട്. ആ വ്യവസ്ഥകളനുസരിച്ച് സ്പെസിഫിക്കായി പെട്ടെന്ന് ഇതിൻെറ പണി പൂർത്തിയാക്കാൻ വേണ്ടി രണ്ടായിരം കെ.വി.എ. പവ്വർ നമുക്കു സപ്ലൈ ചെയ്യാൻ കഴിയുമെന്നും അതിനെത്തുടർന്ന് തൊട്ടടുത്തുള്ള പാലോട്ട് ഒരു സബ്സ്റേഷൻ പണിതു കൊടുക്കാമെന്നും പറഞ്ഞിട്ടുണ്ട്. ആ പണി പൂർത്തിയാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തെക്കുറിച്ച് പറയുമ്പോൾ അതിനുവേണ്ടി ഒരു ജനറേറർ സ്ഥാപിച്ചു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആ ജനറേററിൽ രണ്ടായിരം കെ.വി.എ. യ്ക്കു പകരം വെറും അഞ്ഞൂറു കെ. വി. എ. മാത്രമേ പ്രൊഡ്യൂസ് ചെയ്യാൻ കഴിയുകയുള്ളൂ. പലപ്പോഴും അതു ഫംഗ്ഷൻ ചെയ്യുകയില്ല. അതു എച്ച്.എം.ടി. യിലും ബോംബെയിലും ഒക്കെ കൊണ്ടുപോയി വന്നശേഷവും വർക്ക് ചെയ്യാത്തതിൻെറ ഫലമായി ജോലിക്കാർ രാത്രി പത്തു പതിനൊന്നു മണിവരെ കാത്തിരിക്കണം. ഒന്നരവർഷമായി ഇങ്ങനെ തുടരുകയാണ്. ബോണസ് എന്ന ആവശ്യം ജോലിക്കാർ ഉന്നയിച്ചിട്ടുള്ളത് ശരിയാണ്. അതു കൊണ്ടുമാത്രമല്ല തൊഴിൽക്കുഴപ്പം ഉണ്ടായത്. അതു സംബന്ധിച്ച് മൂന്നുനാലു ദിവസം കൂടിയാലോചനകളും നടത്തി. ബഹുമാനപ്പെട്ട മുഹമ്മദുകോയയും ലേബർമന്ത്രിയും ധനകാര്യമന്ത്രിയും ഒക്കെ കോൺഫറൻസ് വിളിച്ചുകൂട്ടി. ഒന്നുരണ്ടു മീറ്റിംഗുകളും കാര്യക്ഷമമായി നടന്നില്ല എന്ന പരാതി ഉണ്ട്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. എന്നീ സംഘടനകളുമായി ബന്ധപ്പെട്ടവരാണ് നേതൃത്വം കൊടുക്കുന്നത്. ഉത്തരവാദിത്വമില്ലാത്തവരല്ല ഈ സമരം കൊണ്ടുപോകുന്നത്. ഒരാഴ്ചയായി തൊഴിലാളികളും പണിമുടക്കിലേർപ്പെട്ടിരിക്കുകയാണ്. തൊഴിലാളികളെ ഗുരുതരമായി പോലീസ് അടിച്ചു അവശരാക്കിയിരിക്കുന്നു. പലരും ആശുപത്രിയിലാണ്. നമ്മുടെ നാട്ടിലുള്ള തൊഴിലാളികളും മാത്രമല്ല, വെളിയിൽനിന്നു വന്ന തൊഴിലാളികളും ഉണ്ട്. വെളിയിൽനിന്നു വന്ന ഹിന്ദിയും കൊറിയയും സംസാരിക്കുന്ന തൊഴിലാളികളെയും പോലീസ് അടിച്ച് ആശുപത്രിയിൽ ആക്കിയിരിക്കുന്നു. ഇത് ഗൗരവമായി വീക്ഷിക്കേണ്ട ഒരു പ്രവൃത്തിയാണ്.

തിരുവനന്തപുരം സിറ്റിയിലും പരിസര പ്രദേശങ്ങളിലും പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ 79 ഡിസംബറിൽ പൂർത്തിയാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് ഗുരുതരമായ അനാസ്ഥയാണ് കാണിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്നില്ലെങ്കിലും പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥയെക്കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. അവിടെ രണ്ടു ചീഫ് എഞ്ചിനീയർമാരും രണ്ടു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും അഞ്ചു സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും 25 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മറ്റു എഞ്ചിനീയർമാരുടെ ഒരു ബറാലിയനും ഉണ്ട്. ഡിസംബറിൽ പൂർത്തിയാക്കേണ്ട ഈ പദ്ധതിയുടെ പണികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് യാതൊരു ശ്രദ്ധയും ആ ഡിപ്പാർട്ടുമെൻറിന് ഇല്ല. Delegation of powers പോലും ഇല്ല. ജോലിക്കാരെ വിളിച്ചു ചർച്ച ചെയ്യുന്നതിന് ഈ ഡിപ്പാർട്ടുമെൻറ് ഇതുവരെ ശ്രമിച്ചിട്ടില്ല. മന്ത്രിലവലിൽ നാലോ അഞ്ചോ കോൺഫറൻസുകൾ കൂടേണ്ടിവന്നു. കാര്യക്ഷമതയില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറാണ് ഇത്. ഈ കാര്യത്തിൽ അടിയന്തിരമായി കൂടിയാലോചനകൾ നടത്തി കരാർ പ്രകാരം 79 ഡിസംബറിൽ ഈ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുപോലെതന്നെ ഗുരുതരമായി പോലീസുകാർ തൊഴിലാളികളെ അടിക്കുകയും അവശരായി ആശുപത്രിയിലാക്കുകയും ചെയ്തതിനെക്കുറിച്ച് അന്വേഷണം നടത്തുകയും അവർക്കു ആവശ്യമായ സഹായം കൊടുക്കുകയും തിരുവനന്തപുരം പട്ടണത്തിലും പരിസരപ്രദേശങ്ങളിലും പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. വാമദേവൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ നടന്ന സംഭവമാണ്. ഒരു വാക്ക് സംസാരിക്കാൻ അനുവദിക്കണം. പോലീസുകാരെ കല്ലെടുത്തു എറിഞ്ഞതുകൊണ്ടാണ് ഈ സംഭവം ഉണ്ടായത്. ഗവൺമെൻറിന്റെ ഭാഗത്തുനിന്നു അനാസ്ഥ ഒന്നും ഇല്ല. എന്നാൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിന്റെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ട്.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പേപ്പാറ ഡാമിൽ പണി മുടക്ക് ആരംഭിച്ചിരുന്നില്ലെങ്കിലും ഇക്കൊല്ലം വെള്ളം കൊടുക്കാൻ സാധിക്കുമായിരുന്നില്ല സർ. നെയ്യാറിൽ നിന്നും വെള്ളം പമ്പുചെയ്തു ഇവിടത്തെ വെള്ളംകൂടി മുട്ടിക്കാതിരിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഡാമിന്റെ പണി തുടരുന്നതിനെ സംബന്ധിച്ച് ചില പ്രധാന പ്രശ്നങ്ങളുണ്ട്. ഗവൺമെൻറ് ചെയ്യാവുന്നതു ചെയ്തു. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യേണ്ട കാര്യമില്ല. പോലീസിനെ സംബന്ധിച്ച കാര്യങ്ങൾ ഞാൻ പറയുന്നതു ശരിയായിരിക്കുകയില്ല.

ആഭ്യന്തരവകുപ്പുമന്ത്രി: (ശ്രീ. കെ.എം. മാണി): സർ ഒരു വാക്ക്.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ട്, എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly